# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6362 21.11.2019 ൽ മറുപടിക്ക്**

### അങ്കമാലി മിനി സിവിൽസ്റ്റേഷനിലെ ലിഫ്റ്റ് നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.റോജി എം. ജോൺ | | ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | അങ്കമാലി നിയോജക മണ്ഡലത്തിലെ അങ്കമാലി മിനി സിവിൽ സ്റ്റേഷനിൽ ലിഫ്റ്റ് സ്ഥാപിക്കുന്നതിനും ട്രാൻസ്ഫോമർ സ്ഥാപിച്ച് വൈദ്യുതി കണക്ഷൻ നൽകുന്നതിലേക്കുമായി എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭ്യമാക്കിയതെന്ന് വിശദമാക്കാമോ; | (എ) | അങ്കമാലി സിവിൽ സ്റ്റേഷന്റെ ആദ്യഘട്ടമായി മൂന്ന് നിലകളുടെ പ്രവൃത്തി വൈദ്യുതീകരണം അടക്കം പൂർത്തിയാക്കിയതും, ഇപ്പോൾ ഉപയോഗിച്ച് വരുന്നതും ആകുന്നു. നാലും അഞ്ചും നിലകളുടെ സിവിൽ വർക്കിനും വൈദ്യുതീകരണ പ്രവൃത്തികൾക്കുമായി (രണ്ടാം ഘട്ടം) 600 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് 26-11-2012-ൽ ലഭ്യമായത്. ഈ ഭരണാനുമതിയിൽ ഉൾപ്പെടുത്തിയാണ് ട്രാൻസ്ഫോർമറും ലിഫ്റ്റും സ്ഥാപിക്കുന്ന പ്രവൃത്തി ക്രമീകരിച്ചിട്ടുള്ളത്. ഇതിൽ വൈദ്യുതീകരണത്തിന് 50,07,225.72 രൂപയും ലിഫ്റ്റിന് 61,25,000 രൂപയും ഫയർഫൈറ്റിംഗിന് 5,76,6713 രൂപയും വകയിരുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി കിട്ടിയിട്ട് ഇപ്പോൾ എത്ര മാസം പിന്നിട്ടുവെന്നും പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ; ടി പ്രവൃത്തി പൂർത്തീകരിക്കാൻ നിലവിലുള്ള തടസ്സങ്ങൾ എന്താണെന്നും വിശദമാക്കാമോ; | (ബി) | ഭരണാനുമതി കിട്ടിയിട്ട് 83 മാസം പിന്നിട്ടു. വൈദ്യുതീകരണം, ലിഫ്റ്റ്, ഫയർ സംവിധാനം എന്നിവ ഉൾപ്പെടെയുള്ള പ്രവൃത്തികൾക്ക് 23-05-2015-ന് സാങ്കേതികാനുമതി നൽകുകയും ടെൻഡറുകൾ ക്ഷണിക്കുകയും ചെയ്തു. ഇതനുസരിച്ച് പ്രസ്തുത പ്രവൃത്തി മൂന്ന് തവണ ടെൻഡർ ക്ഷണിച്ച ശേഷമാണ് കരാർ ഉറപ്പിക്കുവാൻ സാധിച്ചത്. മൂന്നാമത്തെ ടെൻഡറിൽ കരാറുകാരനെ തിരഞ്ഞെടുക്കുകയും 2016 മേയ് മാസം |

ഉടമ്പടിയിൽ ഏർപ്പെടുകയും ചെയ്തു. ഇപ്രകാരം ലിഫ്റ്റ് സ്ഥാപിക്കുന്ന പ്രവൃത്തി രണ്ടു തവണ ടെൻഡർ ക്ഷണിച്ച ശേഷം 27-01-2016 ന് ഉത്തരവ് നൽകുകയും 10-02-2016-ന് ഉടമ്പടി വയ്ക്കുകയും ചെയ്തു. ഫയർഫൈറ്റിംഗ് സംവിധാനത്തിന്റെ പ്രവൃത്തിയും മൂന്നു തവണ ടെൻഡർ ക്ഷണിക്കുകയും മൂന്നാമത്തെ ടെൻഡറിനു ശേഷം 27-02-2016-ൽ ഉടമ്പടി വയ്ക്കുകയും ചെയ്തു. ഇവയിൽ വൈദ്യുതീകരണ പ്രവൃത്തികൾ 30-07-2019 ലും ലിഫ്റ്റിന്റെ പ്രവൃത്തി 25/09/2018 ലും ഫയർ സംവിധാനം 30-09-2018 ലും പൂർത്തിയാക്കിയിട്ടുണ്ട്. സിവിൽ പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാത്തതിനാലും, വൈദ്യുതീ കരണ പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരൻ യഥാസമയം പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ കാലതാമസം വരുത്തിയതിനാലുമാണ് പ്രവൃത്തിയുടെ പൂർത്തീകരണം വൈകിയത്. ഉടമ്പടി അനുസരിച്ചുള്ള പിഴ കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടുമുണ്ട്.

| | | | |
|---|---|---|---|
| (സി) | ഭരണാനുമതി നൽകിക്കഴിഞ്ഞ പ്രവൃത്തികൾ വകുപ്പിലെ ചുമതലക്കാർ പ്രതിമാസ അവലോകന യോഗം ചേരുമ്പോൾ ചർച്ച ചെയ്യാറുണ്ടോ; വീഴ്ചകൾ പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വിശദമാക്കാമോ; | (സി) | ചർച്ച ചെയ്യാറുണ്ട്. അപ്പോഴപ്പോൾ ഉണ്ടാകുന്ന സാങ്കേതിക പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കാറുണ്ട്. മറ്റു വകുപ്പുകളിൽ നിന്നും അനുമതി ലഭിക്കുവാനുള്ള കാലതാമസം മാത്രമാണ് ഉണ്ടായിരുന്നത്. |
| (ഡി) | പ്രസ്തുത പ്രവൃത്തി അനന്തമായി നീളുന്നതിന്റെ കാരണം എന്താണെന്ന് ഏതെങ്കിലും ഘട്ടത്തിൽ ഉന്നത ഉദ്യോഗസ്ഥർ പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ വിഷയത്തിൽ ഉദ്യോഗസ്ഥർ കൈക്കൊണ്ട നടപടി എന്താണെന്ന് വിശദമാക്കാമോ; | (ഡി) | പരിശോധിച്ചിട്ടുണ്ട്. വൈദ്യുതീകരണ പ്രവൃത്തികളുടെ പൂർത്തീകരണത്തിന് ഉണ്ടായ കാലതാമസം പരിഹരിക്കാൻ കരാറുകാരന് യഥാസമയം നോട്ടീസ് നൽകുകയും ആവശ്യമായ പിഴ ഈടാക്കുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയും; വിശദാംശം ലഭ്യമാക്കാമോ? | (ഇ) | വൈദ്യുതീകരണം, ലിഫ്റ്റ്, ഫയർ ഫൈറ്റിംഗ് സംവിധാനം എന്നിവ സ്ഥാപിക്കൽ തുടങ്ങി എല്ലാ പ്രവൃത്തികളും 30/07/2019-ൽ പൂർത്തിയാക്കിയിട്ടുണ്ട്. മറ്റു വകുപ്പുകളിൽ നിന്നുമുള്ള അനുമതി മാത്രമാണ് ലഭിക്കാനുള്ളത്. ഇവ പൊതുമരാമത്ത് വകുപ്പ് മാത്രമല്ല വൈദ്യുത കണക്ഷന് ആവശ്യമായ ഉടമ്പടി വയ്ക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ നിർവഹിക്കുന്ന മാതൃവകുപ്പ് കൂടി മുൻകൈ എടുത്ത് നടപടികൾ സ്വീകരിച്ചാൽ മാത്രമേ യാഥാർത്ഥ്യമാവുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**